# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3125 15.12.2015 -ൽ മറുപടിക്ക്**

## എം.സി റോഡ് വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) | എം.സി റോഡ് വികസനം സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലോകബാങ്ക് ധനസഹായത്തോടെയുള്ള കെ.എസ് ടി.പി - രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി റോഡിന്റെ ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള റോഡിന്റെ അപ്ഗ്രഡേഷൻ പണികൾ തുടങ്ങുവാൻ കഴിഞ്ഞു. ചെങ്ങന്നൂർ - ഏറ്റുമാനൂർ, ഏറ്റുമാനൂർ - മൂവാറ്റുപുഴ എന്നീ റോഡുകൾ രണ്ട് റീച്ചുകളായി നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇതോടൊപ്പം തിരുവല്ലാ ബൈപ്പാസിന്റെ പണിയും പുരോഗമിച്ചു വരുന്നു. ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് നിർമ്മാണം 24.09.2017 ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം 03.08.2016 ലും തിരുവല്ലാ ബൈപ്പാസ് നിർമ്മാണം 06.09.2016 ലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാര വിതരണവും പൂർത്തീകരിച്ചിട്ടുണ്ടോ; ഇനി | (ബി) 95% ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. 983 പേർക്ക് നഷ്ട പരിഹാരം നൽകാനുണ്ട്. നഷ്ടപരിഹാരം കൈപ്പറ്റു വാൻ കക്ഷികളെ അറിയിക്കുന്ന |

| | | | |
|---|---|---|---|
| | എത്ര പേർക്ക് നഷ്ടപരിഹാരം നല്കുവാനുണ്ട്; ഇവരുടെ നഷ്ട പരിഹാരം എന്ന് കൊടുത്തു തീർക്കും; വിശദമാക്കുമോ; | | നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ടി കക്ഷികൾ കെ.എസ്.ടി.പി മൂവാറ്റുപുഴ ഡിവിഷനുമായി ബന്ധപ്പെടുന്ന മുറയ്ക്ക് നഷ്ട പരിഹാരം കൊടുത്തു തീർക്കുന്നതാണ്. |
| (സി) | എം.സി റോഡിന്റെ വികസനം സംബന്ധിച്ച് ഏതൊക്കെ റീച്ചുകളിലെ പണികളാണ് ഈ വർഷം ആരംഭിച്ചിട്ടുള്ളത് എന്നും ഏതൊക്കെ റീച്ചുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു എന്നും പണികൾ എന്നാരംഭിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | ഈ വർഷം (2015) പണികളൊന്നും പുതുതായി ആരംഭിച്ചിട്ടില്ല. എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡ് നിർമ്മാണം 25.11.2014 ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം 04.02.2014 ലും തിരുവല്ലാ ബൈപ്പാസ് നിർമ്മാണം 19.06.2013 ലും ആണ് തുടങ്ങിയത്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇനി റീച്ചുകളൊന്നും ടെണ്ടർ ചെയ്യാനില്ല. |

സെക്ഷൻ ഓഫീസർ